⇨ *അവസാനിക്കാത്ത ഒരു വിരുന്നിനെപ്പറ്റി ചിന്തിച്ച് വായിൽ വെള്ളം നിറച്ചുനിൽപ്പാണ്* ⇨

# ഖോബ്രഗഡെ സംഭവവും ദാസ്യപ്പണിയുടെ സംസ്കാരവും

മുറിവേറ്റ ദേശീയാഭിമാനത്തെപ്പറ്റിയല്ല, ചൂഷണത്തിന്റെയും ഹിംസയുടെയും ദാസ്യത്തിന്റെയും അടിസ്ഥാനത്തിലുള്ള നമ്മുടെ സാമൂഹികഘടനയെപ്പറ്റി സംവാദം തുടങ്ങിയവയ്ക്കാനാണ് ഖോബ്രഗഡെ സംഭവം ഹേതുവാകേണ്ടത്.

**നിസ്സിം മണ്ണത്തുക്കാരൻ**

**ദേവയാനി** ഖോബ്രഗഡെ സംഭവുമായി ബന്ധപ്പെട്ട് വന്ന ടെലിവിഷൻ റിപ്പോർട്ടുകളെല്ലാം ഒരു മൂന്നാം ലോകരാഷ്ട്രം സാമ്രാജ്യത്വ ചെകുത്താനെ നേരിടാൻ തയ്യാറെടുക്കുന്നു എന്ന തരത്തിലുള്ളവയായിരുന്നു. നമ്മുടെ നാടോടി കഥാപാരമ്പര്യത്തിന് പാകമായ ഒരു കഥയാണ് മെനയപ്പെട്ടത്. ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന സംഭവമല്ലായിരുന്നുവെങ്കിൽ അത് ഒരു കോമാളിക്കഥയായി മാറുമായിരുന്നു. അമേരിക്കൻ ലോകവീക്ഷണവുമായി പൂർണമായും ചേർന്നുനിൽക്കുന്ന വിശിഷ്ടവർഗവും മധ്യവർഗവുമുള്ള ഒരു രാജ്യമാണ് ഇങ്ങനെ പ്രതികരിക്കുന്നത് എന്നതാണ് തമാശ. (അമേരിക്കൻ സ്നേഹം പ്രകടിപ്പിക്കുന്ന ലോകരാജ്യങ്ങളുടെ കണക്കെടുത്താൽ ഇന്ത്യ ആദ്യസ്ഥാനങ്ങളിൽ തന്നെ കാണും). അമേരിക്ക ജനാധിപത്യത്തിന്റെ ഉൽകൃഷ്ടരൂപമാണെന്ന് നാം കരുതുന്നു. ഇന്ത്യൻ വിദ്യാർഥികളും യുവാക്കളും അമേരിക്കയെ സ്വപ്നം കാണുന്നു. (അമേരിക്കയിലെ വിദേശി വിദ്യാർത്ഥികളിൽ അധികവും ഇന്ത്യക്കാരാണ്). ഭരണവർഗമാവട്ടെ, അമേരിക്കൻ ഭരണകൂടവുമൊത്തുള്ള അവസാനിക്കാത്ത ഒരു വിരുന്നിനെപ്പറ്റി ചിന്തിച്ച് വായിൽ വെള്ളം നിറച്ചുനിൽപ്പാണ്. അമേരിക്ക തങ്ങളെ തുല്യമായി കണക്കാക്കുന്നില്ല എന്നറിഞ്ഞ് അവർ ഞെട്ടിയുണരുന്നത് നാം കണ്ടതാണ്, തിരസ്കരിക്കപ്പെട്ട ഒരു കാമുകിയുടെ കോപത്തെ ഓർമ്മിപ്പിക്കും വിധം.

നമ്മുടെ സംസ്കാരത്തിന്റെ അസ്വാസ്ഥ്യമുളവാക്കുന്ന ചില ഘടകങ്ങൾ ഈ ജനരോക്ഷത്തിൽ പ്രകടിതമാവുന്നുണ്ട്. അന്തസ്സ്, അപമാനം തുടങ്ങിയവുടെ അർഥം നാം മനസ്സിലാക്കുന്നതെങ്ങനെയെന്ന് ഈ സംഭവം വെളിപ്പെടുത്തുന്നു. ഭോപാൽ വാതകദുരന്തത്തിൽ ആയിരങ്ങൾ മരിച്ചുവീണപ്പോൾ ഒരു തുള്ളി കണ്ണീർപൊഴിക്കാത്തവരാണു നാം. അന്നത്തെ നമ്മുടെ ഭരണാധികാരികൾ, യൂണിയൻ കാർബൈഡിന്റെ മേധാവികളെ ഇന്ത്യയിൽ വിചാരണ ചെയ്യാൻ വേണ്ടി ഒരു ചെറുവിരൽ പോലും അനക്കുകയുണ്ടായില്ല. അവരാണ് ദേവയാനിയെ തന്റെ കുട്ടികളുടെ മുമ്പിൽ വച്ച് അറസ്റ്റ് ചെയ്തതിലും ദേഹപരിശോധന നടത്തിയതിലും രോഷംകൊള്ളുന്നത്. (ലാലുപ്രസാദ് യാദവിനോടും സഞ്ജയ് ദത്തിനോടും ഫേസ്ബുക്കിൽ പ്രത്യക്ഷപ്പെട്ട ടി.പി. ചന്ദ്രശേഖരൻ കൊലക്കേസിലെ കൊലയാളികളോടും നാം കാണിക്കുന്ന മൃദുലമായ

പെരുമാറ്റം അമേരിക്കൻ അധികൃതർ പ്രതികളോട് കാണിക്കാത്തതായിരിക്കാം അതിനു കാരണം).

നമ്മുടെ പൗരന്മാരിൽ വലിയ ഭൂരിപക്ഷം പ്രതിദിനം ഇത്തരം അപമാനങ്ങൾ നേരിടുന്നുണ്ട്. സോണിസോറിയുടെ ഗുഹ്യഭാഗത്ത് പോലിസ് കല്ലുകൾ കയറ്റിയപ്പോൾ വരേണ്യവർഗ്ഗത്തിന്റെ കോപം എവിടെയായിരുന്നു? കർണാടകത്തിലെ തൂപ്പുകാർ അപൂർവമായ ഒരുതരം പ്രതിഷേധത്തിന്റെ ഭാഗമായി സ്വന്തം ശരീരങ്ങളിൽ മലം പുരട്ടിയപ്പോൾ ആർക്കും അതുവലിയ അപമാനമായി തോന്നിയില്ല. ഏത് ഇന്ത്യൻ നയതന്ത്രജ്ഞനാണ് ഗൾഫ് രാജ്യങ്ങളിൽ അടിമകളെപ്പോലെ ജോലിയെടുക്കുന്ന ദശലക്ഷകണക്കിന് ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ എന്തെന്ന് അന്വേഷിച്ചിറങ്ങാറുള്ളത്? അമേരിക്കൻ നയതന്ത്രജ്ഞരുടെ പ്രത്യേകാവകാശങ്ങൾ നിർത്തലാക്കുന്ന രാഷ്ട്രം മുസഫർനഗറിൽ മനുഷ്യന് പറ്റാത്ത സാഹചര്യത്തിൽ ജീവിക്കുന്ന അഭയാർഥികളെക്കുറിച്ച് എന്തു ചോദ്യങ്ങളാണ് ഉയർത്തിയത്? കമ്പിളിയില്ലാത്തതിനാൽ അവിടെ കുഞ്ഞുങ്ങൾ മരിക്കുന്നു. അപ്പോൾ അന്തസ്സ് എന്ന പദത്തിന്റെ അർത്ഥമെന്താണ്?

തീർച്ചയായും, 'ഭൂമിയിലെ ശക്തമായ രാഷ്ട്ര'ത്തിന്റെ ഇരട്ടനീതി തുറന്നുകാണിക്കാൻ നാം ഈ അവസരം ഉപയോഗപ്പെടുത്തുക തന്നെ വേണം. നാട്ടിൽ ജനാധിപത്യവും മറുനാട്ടിൽ സാമ്രാജ്യത്വവും സമർഥമായി നടപ്പാക്കുന്ന രാജ്യമാണ് അമേരിക്ക. തങ്ങൾക്കൊരു നിയമം, മറ്റുള്ളവർക്ക് മറ്റൊരു നിയമം എന്നതാണ് അവരുടെ നയം. യാതൊരു സംരക്ഷണവുമില്ലാതെ, നിശ്ചിത വേതനത്തിൽ താഴെ മാത്രം വാങ്ങുക്കുന്ന, നിയമവിരുദ്ധരായ ആയിരക്കണക്കിന് കുടിയേറ്റക്കാർ അവിടെയുമുണ്ട്.

അതിനേക്കാൾ മുഖ്യമായ കാര്യം, അമേരിക്ക ദക്ഷിണാർദ്ധ ഗോളത്തിലെ രാജ്യങ്ങളിലേക്ക് അടിമവേല കയറ്റുമതി ചെയ്യുന്നുഎന്നതാണ്. വികസിത ലോകം അതിന്റെ മാലിന്യങ്ങൾ ദരിദ്ര നാടുകളിലേക്ക് കയറ്റുമതി ചെയ്യുന്നു; അതോടൊപ്പം അതിന്റെ അപമാനങ്ങളും. അങ്ങനെ അവർ സ്വന്തം തെരുവുകളും മനസ്സാക്ഷിയും വൃത്തിയായി സൂക്ഷിക്കുന്നു. അന്യരുടെ വേദനകൾ അവർ കാണാറില്ല. ധാക്കയിലെ റാണാ പ്ലാസാ വസ്ത്രനിർമാണശാല തകർന്നുവീണു മരിച്ച സ്ത്രീകളുടെയും പുരുഷന്മാരുടെയും വേട്ടയാടുന്ന മുഖങ്ങൾ അവർ കാണില്ല. റാണാ പ്ലാസായിലെ തൊഴിലാളികളാണ് വാൾമാർട്ട് പോലുള്ള വമ്പൻ സൂപ്പർ മാർക്കറ്റ് ശൃംഖലകൾക്കു വസ്ത്രങ്ങൾ തയ്ച്ചുകൊടുത്തിരുന്നത്. അവിടെ ചതഞ്ഞുമരിച്ച 1129 തൊഴിലാളികൾക്ക് മാസത്തിൽ ലഭിച്ചിരുന്നത് വെറും 38.5 ഡോളറാണ്. അമേരിക്കയിൽ ഒരു ചീഫ് എക്സിക്യൂട്ടീവ്, സാധാരണ തൊഴിലാളിയുടെ 273 ഇരട്ടി വേതനമാണ് വാങ്ങുന്നത്.




ദേവയാനി കേസിലെ ന്യായാന്യായതകൾ കോടതിയാണ് തീരുമാനിക്കേണ്ടത്. എന്നാൽ, ഒരുകാര്യം വ്യക്തമാണ്. മിനിമം കൂലി നൽകിയില്ല എന്ന കുറ്റം ദേവയാനിക്കു മാത്രമുള്ളതല്ല. അതു വ്യവസ്ഥയിൽ കാലാകാലമായി വളർന്നുവരുന്ന ഒരു പോരായ്മയാണ്. യു.എസും ഇന്ത്യയും അക്കാര്യത്തിൽ ഇതുവരെയും ഒന്നും ചെയ്യുകയുണ്ടായില്ല. അതോടൊപ്പം ദേവയാനി വിഷയത്തിലെ നമ്മുടെ പ്രതികരണങ്ങൾ നടക്കുന്നതായിരുന്നു. ചാനൽ വിവാദങ്ങളിൽ ദേവയാനിയെ ന്യായീകരിക്കാനെത്തിയത് അവരുടെ പിതാവുതന്നെ, എന്നാൽ, അവരുടെ വേലക്കാരിയായ സംഗീതാ റിച്ചാർഡിനുവേണ്ടി വാദിക്കാൻ ആരുമെത്തിയിരുന്നില്ല.

വിലകൂടിയ മൊബൈൽ ഫോൺ ഉപയോഗിക്കുന്ന, ഐപാഡ് കൈയിൽ വയ്ക്കുന്ന (വീട്ടുവേലക്കാരിക്ക് ഐപാഡോ!), വലിയവരുമായി ബന്ധമുള്ള, നല്ല വിദ്യാഭ്യാസം ലഭിച്ച ഒരു സ്ത്രീയാണ് സംഗീത എന്നാണ് അവതരിപ്പിക്കപ്പെട്ടത്. ടൈംസ് നൗവിലെ അർണബ് ഗോസ്വാമിയുടെ അഭിപ്രായത്തിൽ, വീട്ടുവേലക്കാരികൾ കേസ് കൊടുക്കുന്നത് പേടിച്ചാണത്രേ ഇന്ത്യൻ നയതന്ത്രജ്ഞർ യു.എസിൽ ജോലിയെടുക്കുന്നത്.

തുടർന്ന്, ഇന്ത്യൻ നയതന്ത്രജ്ഞരുടെ കൂടെ പോയ തൊഴിലാളികളും കാവൽക്കാരും മുങ്ങിയതിന്റെ കഥകളാണ് ഗോസ്വാമി വിവരിക്കുന്നത്. ഇന്ത്യ തേനുംപാലുമൊഴുക്കുന്ന രാജ്യമാണെങ്കിൽ പിന്നെന്തിനാണ് ഈ കൂട്ടർ അമേരിക്കയിൽ അപ്രത്യക്ഷരാവണം? എന്നാൽ, തിരിച്ചുവരാതെ യു.എസിൽ തങ്ങിയ ഇന്ത്യൻ ഉദ്യോഗസ്ഥന്മാരെപ്പറ്റി ഗോസ്വാമി ഒന്നും പറയുന്നില്ല.

സംഗീതയെക്കുറിച്ചുള്ള തമസ്കരണത്തിൽ തന്നെ നമ്മുടെ സമൂഹത്തിന്റെ സ്വഭാവം വെളിപ്പെടുന്നു. തൊഴിൽ ചെയ്യുന്നവരെ നിന്ദിക്കുന്ന, നമ്മുടെ അടിമത്ത സംസ്കാരം പുറത്തുചാടുന്നു. ആയമാരും വീട്ടുവേലക്കാരും അടങ്ങുന്ന തൊഴിൽ വിഭാഗങ്ങൾക്ക് സംരക്ഷണം നൽകുന്ന നിയമം ഇന്ത്യയിൽ കേരളവും തമിഴ്നാടും മാത്രമേ നിർമ്മിച്ചിട്ടുള്ളൂ. ഇക്കൂട്ടരിൽ ഭൂരിപക്ഷവും ദലിതുകളോ പാർശ്വവൽകൃത സമൂഹങ്ങളിൽപ്പെട്ടവരോ ആണ്. ജാതി കാരണം ഇവർക്ക് ഇരട്ടവിവേചനം അനുഭവിക്കേണ്ടിവരും.

സംഗീതയെക്കുറിച്ചുള്ള തമസ്കരണത്തിൽ തന്നെ നമ്മുടെ സമൂഹത്തിന്റെ സ്വഭാവം വെളിപ്പെടുന്നു. തൊഴിൽ ചെയ്യുന്നവരെ നിന്ദിക്കുന്ന, നമ്മുടെ അടിമത്ത സംസ്കാരം പുറത്തുചാടുന്നു. ആയമാരും വീട്ടുവേലക്കാരും അടങ്ങുന്ന തൊഴിൽ വിഭാഗങ്ങൾക്ക് സംരക്ഷണം നൽകുന്ന നിയമം ഇന്ത്യയിൽ കേരളവും തമിഴ്നാടും മാത്രമേ നിർമ്മിച്ചിട്ടുള്ളൂ.

ഒരു വീട്ടുവേലക്കാരിയായ സംഗീത, ഐ.എഫ്.എസ്സുകാരിയും ഐ.എ.എസ്സുകാരനായ പിതാവുമുള്ള ദേവയാനിയോട് ഇന്ത്യൻ കോടതിയിൽ കൊമ്പുകോർത്താൽ എന്താണ് സംഭവിക്കുക? വളരെ വേഗത്തിലാണ് ദേവയാനി സംഗീതയ്ക്കെതിരെ ഇന്ത്യൻ കോടതിയിലെത്തിയത്. അതുതന്നെ സംഗീതയും ദേവയാനിയും തമ്മിലുള്ള അധികാരത്തിലെ അന്തരം വ്യക്തമാക്കുന്നു. എത്രതന്നെ അപര്യാപ്തതയും പോരായ്മയുമുണ്ടെങ്കിലും അമേരിക്കൻ കോടതിയിൽ സംഗീതയ്ക്ക് നീതികിട്ടാനുള്ള സാധ്യത കൂടുതലാണ്. യു.എസ് നന്മയുടെ ദീപസ്തംഭം ആയതുകൊണ്ടല്ല. പൗരന്മാർക്കും നിയമവിധേയമായി താമസിക്കുന്നവർക്കും സംരക്ഷണം നൽകുന്ന നിയമങ്ങൾ അവിടെയുണ്ട് എന്നതാണ് കാര്യം. അടിമവേല അവർ മറ്റു രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തതും അതിനൊരു കാരണമാണ്. ഇന്ത്യയിൽ അങ്ങനെയല്ല. ഇവിടെ ദാസ്യം ഇപ്പോഴും നിലനിൽക്കുന്നു. അന്താരാഷ്ട്ര നാണയനിധിയുടെ അധ്യക്ഷനായിരുന്ന ഫ്രഞ്ച് പൗരൻ ദോമിനീക് സ്ട്രോസ്കഹ്ൻ ഒരു ഹോട്ടൽ ജോലിക്കാരിയെ ലൈംഗികമായി ആക്രമിച്ചതിന് അറസ്റ്റ് ചെയ്യപ്പെട്ടു. പിന്നീട് ആ കേസ് കോടതിക്കു പുറത്ത് ആറു ദശലക്ഷം ഡോളർ നഷ്ടപരിഹാരം നൽകിയാണ് തീർപ്പായത്. ഭോപാൽദുരന്തത്തിന്റെ ഇരകൾക്കു ലഭിച്ചതിന്റെ ഏകദേശം പാതിവരും ആ സംഖ്യ. ഇന്ത്യയും യു.എസും ഒരേ തൂവൽപ്പക്ഷികളാണ്. ദരിദ്രനോടും പാർശ്വൽക്കരിക്കപ്പെട്ടവരോടും രണ്ടിനും ഏതാണ്ട് തുല്യമായ വീക്ഷണമാണുള്ളത്. രണ്ടിടത്തും ഗുരുതരമായ സാമ്പത്തികാസമത്വം നിലനിൽക്കുന്നുണ്ട്. എന്നാൽ, രണ്ടിടത്തും ദാസ്യം തികച്ചും വ്യത്യസ്തമാണ്.

മുറിവേറ്റ ദേശീയാഭിമാനത്തെപ്പറ്റിയല്ല, ചൂഷണത്തിന്റെയും ഹിംസയുടെയും ദാസ്യത്തിന്റെയും അടിസ്ഥാനത്തിലുള്ള നമ്മുടെ സാമൂഹികഘടനയെപ്പറ്റി സംവാദം തുടങ്ങിയവയ്ക്കാനാണ് ഈ സംഭവം ഹേതുവാകേണ്ടത്. നമ്മുടെ സിവിൽ സർവീസിലും ബ്യൂറോക്രസിയിലും ഇതൊക്കെ പ്രകടമാണ്. വേലക്കാർ വാതിൽ നമുക്കായി തുറക്കണമെന്നും നമ്മുടെ അനുമതി കിട്ടാതെ അവർ എങ്ങും പോകരുതെന്നുമുള്ള ധാരണകൾ ദാസ്യസംസ്കാരത്തിന്റെ സൃഷ്ടിയാണ്. നയതന്ത്രജ്ഞൻമാർക്ക് പ്രത്യേക സംരക്ഷണം വേണമെന്ന് വാദിക്കുന്നവർ അവരെ അനുഗമിക്കുന്ന ആയമാരെയും വീട്ടുജോലിക്കാരെയും വിസ്മരിക്കുന്നു. ദേവയാനി വിശിഷ്ടവർഗത്തിലെ അംഗമാണ്. അവർ സ്ത്രീയാണ്, ദലിതാണ്. അവർക്കുവേണ്ടി രാഷ്ട്രം പ്രതികരിച്ചു. എന്നാൽ, സംഗീതയ്ക്കുവേണ്ടി വാദിക്കാൻ അമേരിക്കക്കാർ മാത്രമേയുള്ളൂ. ഇത് രണ്ടു സ്ത്രീകൾ തമ്മിലുള്ള യുദ്ധമല്ല. യജമാനന്മാരെയും ദാസ്യരെയും സൃഷ്ടിക്കുന്ന വ്യവസ്ഥയെപ്പറ്റിയും തൊഴിലെടുക്കുന്നവരുടെ അവകാശങ്ങളെപ്പറ്റിയും ചർച്ച ചെയ്യാനുള്ള ഒരവസരമാണ്. നയതന്ത്രജ്ഞരടങ്ങിയ ചെറുന്യൂനപക്ഷം അനുഭവിക്കുന്ന പ്രത്യേകവകാശങ്ങളെയും നമ്മുടെ സാമ്രാജ്യത്വ ദാസ്യപ്പണിയെയും ചോദ്യം ചെയ്യാനുള്ള ഒരു സന്ദർഭം.

(കടപ്പാട്: കാഫില.ഓർഗ്) ■